LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പു വഴി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് വിവാഹധനസഹായം അനുവദിയ്ക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുകയും മൂന്നു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായം അനുവദിയ്ക്കുന്നു. അപേക്ഷകരുടെ കുടുംബവാർഷിക വരുമാന പരിധി 22,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) മിശ്രവിവാഹ ദമ്പതികൾക്ക് വിവാഹധനസഹായമായി 30,000 രൂപ അനുവദിച്ചു വരുന്നു. ധനസഹായം നൽകിയത് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അങ്കണവാടി ജീവനക്കാർക്ക് പഞ്ചായത്ത് നൽകുന്ന ഓണറേറിയം

400 (1845) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി ജീവനക്കാർക്ക് പഞ്ചായത്തുകൾ നൽകുന്ന പ്രതിമാസ ഓണറേറിയം (അഡീഷണൽ) 150 രൂപ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അഡീഷണൽ ഓണറേറിയം 1,000 രൂപയാക്കി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

അനാഥാലയങ്ങൾ

401 (1846) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എത്ര അനാഥാലയങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നു വ്യക്തമാക്കുമോ ;

(സി) അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പല അനാഥാലയങ്ങളും മതിയായ തോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ അനാഥാലയങ്ങളിൽ ഒരുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി പ്രവർത്തിച്ചുവരുന്നു.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം നേടിയ സ്ഥാപനങ്ങൾ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിന് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതും, ആയത് പരിഗണിച്ച് സർക്കാർ ഗ്രാന്റ് ഇൻ എയ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ഗ്രാന്റ് നൽകുകയുള്ളൂ. നിലവിൽ ഒരു അന്തേവാസിക്ക് 1-4-2014 മുതൽ 800 രൂപയാണ് പ്രതിമാസ ഗ്രാന്റ് ആയി അനുവദിച്ചിട്ടുള്ളത്.

(സി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ഗ്രാന്റ് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു. ഡയറക്ടർ ശിപാർശ ചെയ്ത തുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷൻ ആയി ഉത്തരവ് നൽകുന്നു. ഇപ്രകാരം അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അതാത് വർഷം സെപ്റ്റംബർ 30-ന് മുമ്പ് നൽകുന്നു. ആയത് ജില്ലാ ഓഫീസർ പരിശോധിച്ച് പ്രൊവിഷണലായി ഗ്രാന്റ് നൽകുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് നൽകിയത് റഗുലറൈസ് ചെയ്യുന്നു. വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് നൽകി വരുന്നത്. ഇത് ഗ്രാമ പ്രദേശങ്ങളിൽ 34,000 രൂപയും നഗരപ്രദേശങ്ങളിൽ 38,000 രൂപയും വാർഷിക വരുമാന പരിധിയിൽ വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് നൽകുന്നത്. 5 വയസ്സിനും 21 വയസ്സിനും മദ്ധ്യേ പ്രായമുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഗ്രാന്റ് ആയി നൽകുന്നത്. സ്ഥാപനത്തിലെ 75% കുട്ടികളെങ്കിലും അപ്രകാരം ഉള്ളവരായിരിക്കണം. ഒരു അന്തേവാസിക്ക് 40 സ്ക്വയർ ഫീറ്റ് താമസ സൗകര്യം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) അനാഥാലയങ്ങളുടെ മേൽനോട്ട നിരീക്ഷണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ 26 ഓളം ഘടകങ്ങൾ ഒരു നിശ്ചിത ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും പുതുക്കി നൽകിവരുന്നതും. കൂടാതെ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർമാർ മുഖേനയും പോലീസ് വകുപ്പ് വഴിയും സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നു. പോരായ്മകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ നിരീക്ഷണ സമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മൂലപ്പിലാവ് അങ്കണവാടിയെ മാതൃക അങ്കണവാടിയായി ഉയർത്താൻ നടപടി

402 (1848) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ മൂലപ്പിലാവ് അങ്കണവാടിയെ മാതൃക അങ്കണവാടിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിൽ വന്ന കാലതാമസത്തിന് കാരണം വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത അങ്കണവാടിയെ മാതൃക അങ്കണവാടിയായി എപ്പോൾ പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ മൂലപ്പിലാവ് അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് ലഭിച്ച ശുപാർശയിൽ സംഭവിച്ച പിഴവ് കാരണം ടി അങ്കണവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് അനുമതി നൽകിയ 10-2-2014-ലെ സ.ഉ. (സാധാ)നമ്പർ 95/2014/സാനീവ ഉത്തരവിൽ നിയോജക മണ്ഡലത്തിന്റെ പേര് കുന്ദമംഗലം എന്നു തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 7-11-2014-ലെ സ.ഉ(സാധാ) നമ്പർ 659/2014 സാനീവ പ്രകാരം ഏലത്തൂർ നിയോജക മണ്ഡലം എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly